**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- കൊച്ചി നഗരസഭയിൽ എൽ.ഡി.ക്ളർക്ക് /ബിൽകളക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.സിറ്റ്സൺ ടി.വി.- നിരീക്ഷണകാലയളവ് ദീർഘിപ്പിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 1541/ 2019/ തസ്വഭവ. തീയതി, തിരുവനന്തപുരം, 22.07.2019

---

പരാമർശം : 1. നഗരകാര്യജോയിന്റ് ഡയറക്ടറുടെ 30.03.2019 തിയതിയിലെ ഇ 7- 33904/ 2016 നമ്പർ ഉത്തരവ്.

2. നഗരകാര്യ ഡയറക്ടറുടെ 30.03.2019 തിയതിയിലെ ഇ 7- 33904/ 2016 നമ്പർ കത്ത്.

**ഉത്തരവ്**

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ 02.05.2011 തീയതിയിൽ എൽ.ഡി.ക്ളർക്ക്/ബിൽകളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.സിറ്റ്സൺ ടി.വി, ടി തസ്തികയിലെ നിരീക്ഷണകാലയളവ് 02.05.2013 തീയതിയിൽ പൂർത്തിയായിരുന്നുവെങ്കിലും നിരീക്ഷണകാലയളവ് വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനാവശ്യമായ എം.ഒ.പി. പരീക്ഷ വിജയിച്ചിട്ടില്ലാത്തതാണെന്നും ടിയാൾക്ക് 29.05.2017 തീയതിയിൽ 50 വയസ്സ് പൂർത്തിയായിട്ടുള്ളതിനാൽ ടിയാളുടെ നിരീക്ഷണകാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നതിന് നഗരകാര്യഡയറക്ടർ പരാമർശം 2 പ്രകാരം അഭ്യർത്ഥിച്ചിരുന്നു. 02.05.2011ൽ എൽ.ഡി.ക്ളർക്ക്/ബിൽ കളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ടിയാന്റെ നിരീക്ഷണകാലയളവ് എൽഡിക്ലർക്ക് തസ്തികയിൽ 2 വർഷ ഡ്യൂട്ടി പൂർത്തിയാകുന്നതിനു തൊട്ടടുത്ത ദിവസം മുതൽ ഒരുവർഷത്തേക്ക്(02.05.2014 വരെ) പരാമർശം 1 പ്രകാരം ദീർഘിപ്പിച്ചിട്ടുള്ളതായും നഗരകാര്യഡയറക്ടർ അറിയിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ 02.05.2011ൽ എൽ.ഡി.ക്ളർക്ക്/ബിൽകളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.സിറ്റ്സൺ ടി.വി 29.05.2017 തീയതിയിൽ 50 വയസ്സ് പൂർത്തിയാക്കിയിട്ടുള്ളതിനാൽ, കെ.എസ്&എസ്.എസ്.ആർ 1958 ഭാഗം 2 ചട്ടം 13 ബി 4-ാമത്തെ പ്രൊവിസോ പ്രകാരം നിർബന്ധിത വകുപ്പുതല പരീക്ഷകളിൽ (obligatory test) നിന്നും സ്ഥിരമായി ഒഴിവാക്കി, 50 വയസ്സ് പൂർത്തിയായിട്ടുള്ള 29.05.2017 പൂർവ്വാഹ്നം (FN) പ്രാബല്യത്തിൽ ടിയാൻ മറ്റ് വിധത്തിൽ യോഗ്യനാണെങ്കിൽ ടിയാന്റെ നിരീക്ഷണകാലയളവ് വിജയകരമായി പൂർത്തിയാക്കിയതായി നിയമനാധികാരിക്ക്

പ്രഖ്യാപിക്കുവാൻ സാധിക്കത്തക്ക വിധം ടിയാന്റെ നിരീക്ഷണകാലം നിയമനാധികാരി ദീർഘിപ്പിച്ചു നൽകിയ തീയതിയുടെ തൊട്ടടുത്തദിവസമായ 03.05.2014 മുതൽ 30.05.2017 വരെ കെ.എസ്&എസ്.എസ്.ആർ 1958 ഭാഗം 2 ചട്ടം 21 പ്രകാരം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**രമണി മാത്യൂ**
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ശ്രീ.സിറ്റ്സൺ ടി.വി, എൽ.ഡി.ക്ളർക്ക്/ ബിൽകളക്ടർ, കൊച്ചി നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി, കൊച്ചി നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ